**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4778** **27.10.2016- ൽ മറുപടിക്ക്**

# ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡിന്റെ ശോചനീയാവസ്ഥ

**ചോദ്യം** | **മറുപടി**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കാസർകോട് മണ്ഡലത്തിലെ ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡ് എപ്പോഴാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കുമോ;

(എ) കാസർകോട് മണ്ഡലത്തിലെ ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡ് 07.01.2012 -ലെ സ.ഉ (കൈ) നം. 5/2012/പൊ.മ.വ പ്രകാരമാണ് ഏറ്റെടുത്തത്.

(ബി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിന് ശേഷം ഈ റോഡിൽ എത്ര രൂപയുടെ പ്രവൃത്തികൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഏത് വർഷം; എത്ര രൂപയാണ് ചിലവാക്കിയത്;

(ബി)

| വർഷം | പ്രവൃത്തികളുടെ എണ്ണം | തുക |
|---|---|---|
| 2012-13 | ഇല്ല | |
| 2013-14 | 1 | 20 ലക്ഷം |
| 2014-15 | 2 | 42 ലക്ഷം |
| 2015-16 | ഇല്ല | |
| ആകെ | | 62 ലക്ഷം |

(സി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്തുകൊണ്ടാണ്;

(സി) 07.01.2011-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് നേരത്തെ മാറ്റി നൽകിയിട്ടുള്ളതും എന്നാൽ അറ്റകുറ്റപ്പണികളൊന്നുമില്ലാതെ കിടക്കുന്നതുമായ 8570 കി.മി. റോഡ് ഏറ്റെടുത്തതിന്റെ ഭാഗമായാണ് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് എറ്റെടുത്തത്.

(ഡി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തില്ലായിരുന്നങ്കിൽ പ്രസ്തുത റോഡ് ജില്ലയിലെ മെച്ചപ്പെട്ട തീരദേശറോഡായി എന്നേ മാറിയേനെ എന്ന ജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ല

| | | | |
|---|---|---|---|
| (ഇ) | വളരെയേറെ തിരക്കേറിയ പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട് |
| (എഫ്) | ഈ റോഡിന്റെ പുനഃനിർമ്മാണത്തിന് എപ്പോഴെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; ആരാണ് ഇതിന്റെ കരാർ ഏറ്റെടുത്തത്; നിർമ്മാണം ആരംഭിക്കാതെ പോയത് എന്തുകൊണ്ടാണ്; | (എഫ്) | ഉണ്ട്. പൊതുമരാമത്ത് വകുപ്പ്, റോഡ് ഏറ്റെടുക്കുന്നതിന് മുമ്പ് 2009-10 വർഷത്തിൽ ഉത്തേജക പാക്കേജിൽ 378 ലക്ഷം രൂപയ്ക്ക് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. കരാറുകാരൻ കോട്ട് ചെയ്ത നിരക്ക് സർക്കാർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി നടന്നില്ല. |
| (ജി) | പ്രസ്തുത റോഡ് പുനഃനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ തീരദേശ വകുപ്പിന് കൈമാറാൻ നടപടികൾ സ്വീകരിക്കുമോ? | (ജി) | പ്രസ്തുത റോഡ് നവീകരണത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ